ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 25.04.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. തീവ്രവാദത്തിനെതിരെ കക്ഷി-രാഷ്ട്രീയ ഭേദമന്യേ ഒറ്റക്കെട്ടായി രാജ്യം. ഭീകരവാദത്തിനെതിരെ കേന്ദ്രം നടപടികൾ ശക്തമാക്കുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. എല്ലാ പ്രവർത്തനങ്ങൾക്കും പൂർണ്ണ പിന്തുണ നൽകുമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി.

   **The country is united against terrorism, regardless of party or political affiliation. Union Minister Kiren Rijiju has said that the Centre will strengthen measures against terrorism. Lok Sabha Opposition Leader Rahul Gandhi extended full support to all the measures taken in this regard .**

2. ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ സിന്ധു നദീജല കരാർ സംബന്ധിച്ച് പാകിസ്ഥാന് ഔദ്യോഗിക അറിയിപ്പ് നൽകി ഇന്ത്യ. ഇന്ത്യൻ വിമാനങ്ങൾ പാകിസ്ഥാൻ വ്യോമ മേഖലയിൽ പ്രവേശിക്കുന്നത് തടഞ്ഞ് പാകിസ്ഥാൻ.

   **India has given a formal notice to Pakistan regarding the abeyance of Indus Waters Treaty in the wake of the terror attack. Meanwhile Pakistan has restricted Indian aircraft from entering Pakistani airspace.**

3. പഹൽഗാം ആക്രമണത്തെ അപലപിച്ച് ഐക്യ രാഷ്ട്ര സഭ. പ്രശ്നം സമാധാനമായി പരിഹരിക്കണമെന്നും യു.എൻ.

   **The United Nations condemned the Pahalgam attack and called for a peaceful resolution of the issue.**

4. ഭീകരാക്രമണത്തിൽ മരിച്ച ഇടപ്പള്ളി സ്വദേശി എൻ. രാമചന്ദ്രൻറെ സംസ്കാരം ഇന്ന്. മന്ത്രിമാരായ എ.കെ ശശീന്ദ്രൻ, പി. രാജീവ് എന്നിവർ അന്ത്യാജ്ഞലി അർപ്പിക്കും.

**The funeral of Edappally native N. Ramachandran, who died in the terrorist attack, will be held today. Ministers A.K. Saseendran and P. Rajeev will pay their last respects.**

5. ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വത്തിക്കാനിലെത്തും.

**President Droupadi Murmu will visit Vatican City today to attend the State Funeral of Pope Francis.**

6. ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെതിരെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനു ജയം.

**Royal Challengers Bangalore beat Rajasthan Royals in IPL cricket.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## PAHALGAM – ALL PARTY MEETING + KIRAN RIJIJU (INTRO)

തീവ്രവാദത്തിനെതിരായ പോരാട്ടത്തിൽ കേന്ദ്ര സർക്കാരിന് പൂർണ്ണ പിന്തുണ ഉറപ്പ് നൽകി രാജ്യത്തെ രാഷ്ട്രീയ പാർട്ടികൾ. പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസ് സമുച്ചയത്തിൽ സർക്കാർ വിളിച്ചുചേർത്ത സർവകക്ഷി യോഗത്തിലാണ് പിന്തുണ അറിയിച്ചത്. പാകിസ്ഥാനെതിരെ കാബിനറ്റ് കമ്മിറ്റി സ്വീകരിച്ച നടപടികൾക്കും എല്ലാവരും പിന്തുണ അറിയിച്ചു. ഇന്ത്യൻ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് രാജ്യരക്ഷാ മന്ത്രി യോഗത്തിൽ വിശദീകരിച്ചതായി കേന്ദ്രമന്ത്രി കിരണ് റിജിജു മാധ്യമങ്ങളോട് പറഞ്ഞു. ഇന്ന് സർക്കാർ കൂടുതൽ കർശനമായ നടപടി സ്വീകരിക്കാനിടയുള്ളതായും അദ്ദേഹം പറഞ്ഞു.
(വോയ്സ്)

&&&&&&&&&&&&&&&&&&

## MEETING RAHUL GANDHI (INTRO)

പഹൽഗാം ഭീകരാക്രമണത്തെ കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാവരും അപലപിക്കുന്നുവെന്നും ഏത് നടപടി സ്വീകരിക്കുന്നതിനും

പ്രതിപക്ഷം സർക്കാരിന് പൂർണ്ണ പിന്തുണ നൽകുമെന്നും ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. സർവകക്ഷി യോഗത്തിൽ പങ്കെടുത്ത ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ ഭീകരാക്രമണത്തെ എല്ലാ പാർട്ടികളും അപലപിച്ചതായി കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ പറഞ്ഞു.

(വോയ്സ്)

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആഭ്യന്തര മന്ത്രി അമിത് ഷാ, വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, കേന്ദ്ര മന്ത്രിയും ബിജെപി അധ്യക്ഷനുമായ ജെ.പി. നഡ്ഡ തുടങ്ങിയവർക്കൊപ്പം വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളും പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## PM – TERRORISM

ഭീകരതയ്ക്ക് ഇന്ത്യയുടെ ആത്മസത്തയെ തകർക്കാൻ സാധിക്കില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. പഹൽഗാം സംഭവം രാജ്യത്തിന്റെ ആത്മാവിന് നേർക്കുണ്ടായ കടന്നക്രമണമാണെന്നും ആക്രമണത്തിനിരയായവർക്ക് നീതി ഉറപ്പാക്കാൻ രാജ്യം ഒരു മനസ്സോടെ നിലകൊള്ളുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. .

&&&&&&&&&&&&&&&&&&

## ARMY CHIEF – J AND K VISIT

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ഇന്ന് ജമ്മു കശ്മീർ സന്ദർശിക്കും. മേഖലയിലെ സുരക്ഷാ സ്ഥിതിഗതികൾ കരസേനാ മേധാവി അവലോകനം ചെയ്യുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ഇന്ന് ജമ്മു കശ്മീർ സന്ദർശിക്കുമെന്ന് റിപ്പോർട്ട്. അതെസമയം, ഭീകരാക്രമണവുമായി ബന്ധപ്പെട്ട മൂന്ന് ലഷ്കർ ഭീകരരെ കുറിച്ച്

വിവരം നൽകുന്നവർക്ക് ആകെ 60 ലക്ഷം രൂപ പാരിതോഷികം നൽകുമെന്ന് ജമ്മു കശ്മീർ പോലീസ്.

&&&&&&&&&&&&&&&&&&&&&&

## HEAD LINE – 2

## GOVT-RESTRICTIONS

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ സിന്ധു നദീജല കരാർ മരവിപ്പിച്ചത് സംബന്ധിച്ച് പാകിസ്ഥാൻ സർക്കാരിന് ഔദ്യോഗിക അറിയിപ്പ് നൽകി ഇന്ത്യ. ഇതുസംബന്ധിച്ച് ജലശക്തി മന്ത്രാലയം സെക്രട്ടറി പാകിസ്ഥാൻ ജല വിഭവ മന്ത്രാലയം സെക്രട്ടറിയ്ക്ക് കത്തയച്ചു.

അതേസമയം, അമൃത്സറിലെ അട്ടാരി, ഫിറോസ്പൂരിലെ ഹുസൈനിവാല, പഞ്ചാബിലെ ഫാസിൽക്കയിലെ സദ്കി എന്നിവിടങ്ങളിൽ നടക്കുന്ന റിട്രീറ്റ് ചടങ്ങിനിടെയുള്ള ആചാരപരമായ പ്രദർശനത്തിൻറെ സമയം പരിമിതപ്പെടുത്താൻ കേന്ദ്രം തീരുമാനിച്ചു. റിട്രീറ്റ് ചടങ്ങിനിടയിൽ പോലും ഗേറ്റ് തുറക്കില്ല. സൂര്യാസ്തമയ സമയത്ത് ഇന്ത്യൻ പതാക താഴ്ത്തിയ ശേഷമുള്ള ഹസ്തദാനവും ഒഴിവാക്കി.

&&&&&&&&&&&&&&&&&&&&&&

## PAK AIR SPACE

പഹൽഗാം ആക്രമണത്തിൻറെ പശ്ചാത്തലത്തിൽ ഇന്ത്യൻ വിമാനങ്ങൾ പാകിസ്ഥാൻ വ്യോമ മേഖലയിൽ പ്രവേശിക്കുന്നത് തടഞ്ഞ് പാകിസ്ഥാൻ. ഇതിൻറെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ നിന്നുമുള്ള വിമാനങ്ങൾ ബദൽ വ്യോമപാതകൾ ഉപയോഗിക്കുമെന്ന് വിവിധ എയർലൈൻസുകൾ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## INDIA - PAK VISA

ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ പാകിസ്ഥാൻ പൗരന്മാർക്ക് ഏർപ്പെടുത്തിയ വിസാ നിയന്ത്രണത്തിൽ കൂടുതൽ വ്യക്തത വരുത്തി വിദേശകാര്യ മന്ത്രാലയം. മെഡിക്കൽ വിസ ഉൾപ്പെടെ റദ്ദാക്കിയെങ്കിലും പാകിസ്ഥാനിലെ ഹിന്ദു പൗരന്മാർക്ക് അനുവദിച്ചിട്ടുള്ള ദീർഘ കാല വിസകൾ റദ്ദാക്കിയില്ലെന്ന് മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## HEAD LINE – 3

## UN INDO PAK

കശ്മീരിലെ ഭീകരാക്രമണത്തിന് ശേഷം ഉപഭൂഖണ്ഡത്തിലെ സംഘർഷാവസ്ഥ കൂടുതൽ വഷളാകാതിരിക്കാൻ ഇന്ത്യയും പാകിസ്ഥാനും പരമാവധി സംയമനം പാലിക്കണമെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെ ഐക്യരാഷ്ട്രസഭ അപലപിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഏതൊരു പ്രശ്നവും അർത്ഥവത്തായ പരസ്പര ഇടപെടലിലൂടെ സമാധാനപരമായി പരിഹരിക്കണമെന്ന് സെക്രട്ടറി ജനറലിന്റെ വക്താവ് സ്റ്റെഫാൻ ഡുജാറിക് പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## HEAD LINE – 4

## N. RAMACHANDRAN

ജമ്മു കശ്മീരിലെ പഹൽഗാമിൽ ഭീകരരുടെ വെടിയേറ്റ് മരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി എൻ രാമചന്ദ്രന്റെ സംസ്കാരം ഇന്ന് ഇടപ്പള്ളി പൊതു ശ്മശാനത്തിൽ നടക്കും. രാമചന്ദ്രന്റെ ഭൗതികശരീരം ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ പൊതുദർശനത്തിനായി എത്തിച്ചു. മന്ത്രിമാരായ എ കെ ശശീന്ദ്രൻ, പി രാജീവ് തുടങ്ങിയവർ അന്ത്യാഞ്ജലികൾ അർപ്പിക്കും.

&&&&&&&&&&&&&&&&&&&&

## MEA BRIEFING ON ATTACK

പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ച് ജർമ്മനി, ജപ്പാൻ, പോളണ്ട്, യുകെ, റഷ്യ തുടങ്ങീ തിരഞ്ഞെടുത്ത രാജ്യങ്ങളുടെ അംബാസഡർമാരോട് വിശദീകരിച്ച് വിദേശകാര്യ മന്ത്രാലയം. ഈജിപ്ഷ്യൻ പ്രസിഡൻറ്, ഇസ്രായേൽ പ്രധാനമന്ത്രി, ഫ്രഞ്ച് പ്രസിഡൻറ് തുടങ്ങിയവർ സംഭവത്തിൽ അപലപിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദിയെ അറിയിച്ചു. അതേസമയം, ഡൽഹിയിലെ പാകിസ്ഥാൻ ഹൈക്കമ്മീഷന് പുറത്ത് സ്ഥാപിച്ചിരുന്ന ബാരിക്കേഡുകൾ പോലീസ് നീക്കം ചെയ്യു.

&&&&&&&&&&&&&&&&&&&&

## PAHALGAM MASSACRE PROTESTS

ജമ്മു കശ്മീരിലെ പഹൽഗാമിൽ 26 പേരുടെ മരണത്തിനിടയാക്കിയ ഭീകരാക്രമണത്തെ അപലപിച്ച് ഡൽഹിയടക്കമുള്ള നഗരങ്ങളിൽ പ്രതിഷേധ പ്രകടനങ്ങളും മെഴുകുതിരി കത്തിച്ചുള്ള മാർച്ചുകളും നടത്തി. അതേസമയം, ഭീകരാക്രമണത്തിൽ പ്രതിഷേധിച്ച് ഡൽഹിയിലെ വ്യാപാര സംഘടനകൾ ഇന്ന് വിപണികൾ പൂർണമായി അടച്ചിടാൻ ആഹ്വാനം ചെയ്തതായി കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ് അറിയിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

## ABIR GULAAL – BANNED

പാകിസ്ഥാൻ നടൻ ഫവാദ് ഖാൻ നായകനായ 'അബിർ ഗുലാൽ' എന്ന ചിത്രത്തിന് ഇന്ത്യയിൽ പ്രദർശനാനുമതി നിഷേധിച്ചു. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിലാണ് തീരുമാനമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ആരതി എസ് ബാഗ്ദി സംവിധാനം ചെയ്ത 'അബിർ ഗുലാൽ' എന്ന ചിത്രം അടുത്ത മാസം 9 ന് തിയേറ്ററുകളിൽ എത്താനിരിക്കെയാണ് വിലക്ക് ഏർപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&&&

## HEAD LINE – 5

## MORN. PREZ VATICAN VISIT

ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വത്തിക്കാനിലെത്തും. കേന്ദ്ര സർക്കാരിനും ഇന്ത്യൻ ജനതയ്ക്കും വേണ്ടി രാഷ്ട്രപതി അനുശോചനം രേഖപ്പെടുത്തും. സെൻറ് പീറ്റേഴ്സ് ബസിലിക്കയിൽ ഇന്ന് രാഷ്ട്രപതി ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് ആദരാഞ്ജലി അർപ്പിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## THRISSUR - JOB FAIR (INTRO)

വിജ്ഞാന കേരളം ക്യാമ്പയിനിന്റെ ഭാഗമായി തൃശ്ശൂരിൽ സംഘടിപ്പിക്കുന്ന മെഗാ ജോബ് ഫെയറിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ ഇന്ന് അവസാനിക്കും. ഡി ഡബ്ല്യു എം എസ് പോർട്ടൽ വഴി 17,820 ഉദ്യോഗാർത്ഥികളാണ് ഇതുവരെ രജിസ്റ്റർ ചെയ്ത് വിവിധ തൊഴിലുകൾക്കായി അപേക്ഷിച്ചിട്ടുള്ളത്.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.......**

**(വോയ്സ്)**

&&&&&&&&&&&&&&&&&&&&&&&&&

## HEAD LINE – 6

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെതിരെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനു ജയം. ബെംഗളൂരുവിൽ ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെ 11 റൺസിനാണ് ബെംഗളൂരു പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ് - സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30 ന് ചെന്നൈയിലാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&&

## VEENA GEORGE

ഇന്ന് ലോക മലമ്പനി ദിനം. മലമ്പനി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. കേരളത്തിൽ 2027 ഓടെ മലമ്പനി നിവാരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ആരോഗ്യ വകുപ്പ് നടത്തി വരുന്നതെന്ന് മന്ത്രി പറഞ്ഞു. "മലമ്പനി നിവാരണം യാഥാർത്ഥ്യമാക്കാം: പുനർനിക്ഷേപം, പുനർവിചിന്തനം എന്നിവയിലൂടെ പുനരുജ്ജ്വലിപ്പിക്കാം" എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&&&&&&&&

## ELEPHANT ATTACK

വയനാട് ജില്ലയിൽ കാട്ടാന ആക്രമണത്തിൽ വീണ്ടും മരണം. മേപ്പാടി എരുമക്കൊല്ലി സ്വദേശി അറുമുഖൻ ആണ് മരിച്ചത്. രാത്രി ഒമ്പതരയോടെയായിരുന്നു സംഭവം.

&&&&&&&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത് ഈ മാസം 27- ന്. പരിപാടിയുടെ 121-ാാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും, MY GOV ഓപ്പൺ ഫോറത്തിലൂടെയും, നമോ ആപ്പിലൂടെയും, 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും നാളെ വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&&&&&&&

## COURT-TAHAWWUR PLEA

മുംബൈ ഭീകരാക്രമണ ഗൂഢാലോചനക്കേസ് പ്രതിയായ തഹാവുർ റാണ കുടുംബാംഗങ്ങളുമായി സംസാരിക്കണമെന്നറിയിച്ച് സമർപ്പിച്ച അപേക്ഷ ഡൽഹി കോടതി തള്ളി. പ്രത്യേക ജഡ്ജി ചന്ദർ ജിത് സിംഗാണ് അപേക്ഷ നിരസിച്ചത്.

&&&&&&&&&&&&&&&&&&&&&&&&

## WEATHER - KERALA

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതേസമയം, പാലക്കാട് കോഴിക്കോട് ജില്ലകളിൽ താപനില 37 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&